"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. എ1/60606/2013/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 29/1/2014.

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - സർക്കാർ സ്ക്കൂൾ അദ്ധ്യാപകരുടെ സഹതാപർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം - അപേക്ഷകൾ ശേഖരിക്കുന്നത് - സംബന്ധിച്ച് -

**സൂചന :**
(1) സർക്കാർ ഉത്തരവ് (പി) നമ്പർ 13/2000/ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഡി) വകുപ്പ് തീയതി: 27/4/2000.
(2) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 139/96/പൊ.വി. തീയതി: 30/3/1996.
(3) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 120/99/പൊ.വി. തീയതി: 25/5/99.
(4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 43/2003/പൊ.വി. തീയതി: 20/2/13.

----------

സർക്കാർ സ്ക്കൂൾ അദ്ധ്യാപകരുടെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി റവന്യൂ ജില്ലാടിസ്ഥാനത്തിൽ തസ്തിക തിരിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. താങ്കളുടെ ഓഫീസിൽ ഇതിലേക്കായി 10/2/2014 - വരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് 15/2/2014 തീയതി വൈകിട്ട് 5 മണിക്ക് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകൾ മാത്രമേ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുള്ളു.

(1) അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ.

(2) അപേക്ഷകൾ സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(3) ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. (ആറ് മാസത്തിനുള്ളിൽ ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ആയിരിക്കണം.)

(മറുപുറം...)

(4) അപേക്ഷകർ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ 31/3/2013-ൽ അഞ്ചുവർഷം സേവനം പൂർത്തീകരിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.

നിർദ്ദിഷ്ഠ മാതൃകയിലുള്ള എഴുതി തയ്യാറാക്കിയ അപേക്ഷ (ഫോട്ടോസ്റ്റാറ്റ്/ പ്രിന്റ് ഔട്ട് ഇവ പാടില്ല) ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയത് മാത്രമേ ഈ ഓഫീസിലേക്ക് അയക്കേണ്ടതുള്ളു. അപേക്ഷകന്റെ ബന്ധുക്കൾ നൽകുന്ന കത്തുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അന്തർജില്ലാ സ്ഥലം മാറ്റത്തിന് വിഹിതം നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപക വിഭാഗത്തിന്റെ അപേക്ഷകൾ മാത്രമേ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുള്ളു.

മേൽ മാനദണ്ഡങ്ങൾ പാലിക്കാതെ ലഭിക്കുന്ന അപേക്ഷകൾ താങ്കളുടെ ഓഫീസിൽ നിന്നുതന്നെ നിരസിച്ചു നൽകേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ തസ്തികകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലിസ്റ്റ് ചെയ്ത് നിശ്ചിത സമയത്തിനകം ലഭ്യമാക്കേണ്ടതാണ്. ഇതിലേക്കായി നൽകിയിരിക്കുന്ന സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,

റംലാബീവി. എ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ് :- (1) എല്ലാ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം)
(2) എ3, ബി1, ബി2 - സെക്ഷനുകൾക്ക്.

എ.സി-30/1